(11) ഈറ്റക്കനാൽ ബണ്ട് പൊട്ടിയതിനെത്തുടർന്നുളവായിട്ടുള്ള സ്ഥിതിവിശേഷം

ശ്രീ. കെ. മുഹമ്മദാലി: സർ, മുതത്താൻകെട്ടു ഡാമിനോട് ബന്ധപ്പെട്ടു കിടക്കുന്ന ഈറ്റക്കനാൽ ബണ്ട് കഴിഞ്ഞ ദിവസം പൊട്ടിയതിനെത്തുടർന്ന് പെരിയാർവാലി ജലസേചന പദ്ധതി പ്രയോജനപ്പെടുന്ന എറണാകുളം ജില്ലയിലെ കർഷകരും എറണാകുളം ജില്ലയിലെ ശുദ്ധ ജലവിതരണ പദ്ധതികളെ ആശ്രയിക്കുന്ന ജനങ്ങളും ഇന്നു തികച്ചും ആശങ്കാകുലരാണ്. ഈ ജലസേചന പദ്ധതി ആലുവ താലൂക്ക്, കുന്നത്തുനാട് താലൂക്ക്, കണയന്നൂർ താലൂക്ക് മൂവാറ്റുപുഴ താലൂക്ക് എന്നീ താലൂക്കുകളിലെ കർഷകരെ സംബന്ധിച്ചിടത്തോളം രണ്ടും മൂന്നും പൂവ് കൃഷി ചെയ്യാൻ ഈ പദ്ധതിയുടെ പ്രയോജനം ഉപയോഗപ്പെടുത്തിയിരുന്നു. ഇന്ന് ഈറ്റക്കനാൽ ബണ്ട് പൊട്ടിയതിനെത്തുടർന്ന് ഡാമിൽ വെള്ളം കുറഞ്ഞുതുടങ്ങിയതുമൂലം ഈ വർഷം എറണാകുളം ജില്ലയിലെ കൃഷിയെ സംബന്ധിച്ചിടത്തോളവും ശുദ്ധജലവിതരണപദ്ധതികളെ സംബന്ധിച്ചിടത്തോളവും ഉപ്പുവെള്ളം കയറുന്നതിനെതിരായി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ചിടത്തോളവും ഗുരുതരമായി ബാധിക്കുമെന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് അതീവ ജാഗ്രതയും ഗൗരവവും കാണിക്കണമെന്നാണ് എനിക്കു ഭരണപക്ഷത്തിനോടു പറയുവാനുള്ളത്. ഈ പദ്ധതി വളരെ വർഷങ്ങളായി ആരംഭിച്ച ഒരു പദ്ധതിയാണ്. പെരിയാർ ജലസേചന പദ്ധതിയുടെ പുരോഗതി വളരെ നാളുകളായി അതു ഉദ്ദേശിച്ച രീതിയിൽ നടക്കുന്നില്ല എന്നുള്ള ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. ഇപ്പോഴത്തെ ഈ കനാൽ പൊട്ടിയതുതന്നെ, കനാൽ ശക്തിപ്പെടുന്നതിനു മുൻപ് ജലവിതാനമുയർത്തുവാൻ നടത്തിയ ശ്രമത്തിന്റെ ഫലമാണെന്ന ആക്ഷേപമുണ്ട്. ഇന്ന് കനാൽ പൊട്ടിയതിനെത്തുടർന്ന് വളരെ പെട്ടെന്നു സ്വീകരിക്കേണ്ട നടപടികളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് സ്വീകരിച്ചിട്ടില്ല എന്നുള്ള ആക്ഷേപം ഇന്നു നിലവിലുണ്ട്. ഇന്ന് മണൽചാക്കുമെല്ലാം ഇട്ട് വെള്ളം ചോർന്നു പോകുന്നത് തടയാനുള്ള ശ്രമങ്ങൾ അവിടെ നടന്നു വരുന്നുണ്ട്. പക്ഷെ, വളരെ ഗൗരവത്തോടുകൂടിയ ഒരു സമീപനം അക്കാര്യത്തിൽ കാണുന്നില്ല. വളരെ ഗുരുതരമായ ഈ പ്രശ്നം എറണാകുളം ജില്ലയിൽ മൊത്തത്തിൽ ബാധിക്കുന്ന മുപ്പതു കോടിയോളം വരുന്ന ശുദ്ധജലവിതരണ പദ്ധതി വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി അവിടെ തുടങ്ങിവാൻ പോകുകയാണ്. ആ പദ്ധതിയേയും ഗുരുതരമായി ബാധിക്കും. ഇപ്പോഴത്തന്നെ വിശാല കൊച്ചി മേഖലയിൽ ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും വെള്ളം ശരിക്കു ലഭിക്കാത്തതുമൂലം കുടിവെള്ളത്തിനു വളരെയേറെ പ്രയാസം സാമൂഹികമായി നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കൂനിൻമേൽ കുരു എന്ന നിലയിൽ ഇന്നു ബണ്ടു പൊട്ടിയതിനെത്തുടർന്ന് ഉപ്പുവെള്ളം കയറുവാനുള്ള സാഹചര്യമുണ്ടാകുമ്പോഴും ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനം ശരിയായ രീതിയിൽ മുൻപോട്ടു പോകാത്ത വരുമ്പോഴും ഈ വർഷം എറണാകുളം മേഖലയിലും വലിയ കുടിവെള്ളക്ഷാമമുണ്ടാകും. അതുപോലെതന്നെ കൃഷിയിറക്കാൻ പറ്റാത്ത സാഹചര്യവുമുണ്ടാകുമെന്നുള്ള ഗുരുതരമായ സ്ഥിതിവിശേഷം അതിന്റെ പൂർണ്ണമായ രൂപത്തിൽ ഗവൺമെന്റ് കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അങ്ങനെ കാണാൻ കഴിയുകയാണെങ്കിൽ ഈ പദ്ധതിയിൽ വന്നിട്ടുള്ള പോരായ്മകളും; ഈ പദ്ധതിയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള കുറവുകളും കനാലുകളെ നന്നാക്കുന്ന കാര്യത്തിലും കനാലുകളിലുള്ള പാകപ്പിഴകളും പാളിച്ചകളും ശരിയാക്കി റ്റ്രാസ്റ്റർ ചെയ്യുന്

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിലും മറ്റുമെല്ലാം ഗൗരവമായി ആലോചിച്ചുകൊണ്ട് ഇന്നുണ്ടായ സംഭവവികാസങ്ങളും ഉണ്ടാകാനുള്ള കാര്യങ്ങളെക്കുറിച്ചുകൂടി അന്വേഷിച്ചുകൊണ്ട് കഴിയുന്നതും വേഗം ഇതിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കൂടാതെ ഇടമലയാർ ജലസേചന പദ്ധതി ആലുവാ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കു കൂടി പ്രയോജനപ്പെടുകയാണ്. അപ്പോൾ ഇടമലയാർ ജലസേചന പദ്ധതി ഇന്ന് ആലുവാ മേഖലയിലെ പെരിയാറിൽ വെള്ളം ഉണ്ടാകുന്നതും മറ്റും ബന്ധപ്പെടുത്തി ഇടമലയാർ പദ്ധതി വളരെ വേഗത്തിൽ കമ്മീഷൻ ചെയ്തുകൊണ്ട് ഈ കുറവുകൂടി പരിഹരിക്കുവാൻ ഉപയുക്തമാകുന്ന നിലയിൽ ഈ വർഷം കർഷകരെ സംബന്ധിച്ചിടത്തോളവും ശുദ്ധജല വിതരണ പദ്ധതികളെ സംബന്ധിച്ചിടത്തോളവും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിരിക്കുന്ന സന്ദർഭത്തിൽ ഇതിനെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിട്ടുകൊണ്ട് അടിയന്തിരമായ പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ഇറിഗേഷന്റെ ചുമതല വഹിക്കുന്ന മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശങ്ങളും തീർച്ചയായും പരിഗണിക്കുന്നതാണ്. പെരിയാർ വാലിയോടു ചേർന്നുള്ള ഈറക്കനാലിന്റെ ഇടതുകര ബണ്ട് 23—11—1986—ന് രണ്ടരമണിക്ക് പൊട്ടുകയുണ്ടായി. അതു വളരെ ഗൗരവമായ ഒരു കാര്യമാണ്. ആശങ്കകൾക്കു വക നൽകിയ ഒരു കാര്യമാണെങ്കിൽപ്പോലും മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലുള്ള ഉൽക്കണ്ഠയ്ക്കു കാര്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. സർ, റിസർവോയറിനോടു ചേർന്നുള്ള ഈ കനാലിന്റെ ഇടതുകര ബണ്ട് പൊട്ടിയതുകൊണ്ട് റിസർവോയറിലെ വെള്ളം സ്പ്ലൂയിസു വഴിയല്ലാതെ നേരിട്ട് ഈറക്കനാൽവഴി താഴോട്ടു ഒഴുകി വീണ്ടും പെരിയാറിലേക്കു പോകുകയാണ്. ഇതാണ് അവിടെയുണ്ടായ ബുദ്ധിമുട്ട്. അതു അറിഞ്ഞയുടനെത്തന്നെ ഈറക്കനാലിൽ ഉണ്ടായ ചോർച്ച തടയുന്നതിനുവേണ്ടി ടെമ്പററി നടപടികളും സ്വീകരിച്ചു. മണൽച്ചാക്കുമൊക്കെയിട്ടു വേണ്ടതു ചെയ്തു. അതുപോലെ വെള്ളം ഒഴുകിപ്പോകുന്ന വഴിക്കു ബുദ്ധിമുട്ടുണ്ടാകുന്ന ആളുകളെയും കുടുംബങ്ങളെയും സംബന്ധിച്ചിടത്തോളം അവർക്കു ബുദ്ധിമുട്ടുണ്ടാകാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് അവരെ മാറ്റി താമസിപ്പിക്കാനുള്ള ഏർപ്പാടുകളും സ്വീകരിക്കുകയുണ്ടായി. ഇതിനകത്ത് ഒരു കാര്യമുള്ളത് ഇതു സ്ഥിരമായി നന്നാക്കേണ്ടിയിരിക്കുന്നുവെന്നുള്ളതാണ്. അങ്ങനെ പെർമനന്റായിട്ടു നന്നാക്കണമെന്നുണ്ടെങ്കിൽ ഈ റിസർവോയറിലെ വെള്ളത്തിന്റെ ലവൽ ഒന്നു താഴണം. റിസർവോയറിലെ വെള്ളത്തിന്റെ നിരപ്പു താഴാൻവേണ്ടി ഷട്ടർ തുറന്നിട്ടിട്ടുണ്ട്. ഷട്ടർ തുറന്നു വെള്ളം കൂടുതലായി നദിയിലേക്ക് ഒഴുകുമ്പോൾ റിസർവോയറിലെ വെള്ളത്തിന്റെ നിരപ്പു താഴുമ്പോൾ ഈറക്കനാലിന്റെയും വെള്ളം അൽപം താഴും. അപ്പോൾ നമുക്ക് നിർമ്മാണപ്രവർത്തനം പൂർണ്ണമായി നടത്താം. അങ്ങനെ നിർമ്മാണപ്രവർത്തനം ഏറ്റെടുക്കുന്നതിന് പത്തു ദിവസമേ ആവശ്യമുള്ളൂ. അപ്പോൾ വെള്ളത്തിന്റെ ലെവൽ താഴ്ന്നു കഴിഞ്ഞാൽ പത്തു ദിവസം കൊണ്ട് ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാം. നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ തടസ്സം പൂർണ്ണമായി ഇല്ലാതാക്കുവാൻ കഴിഞ്ഞാൽ ഇവിടെ പറഞ്ഞതുപോലെയുള്ള വെള്ളത്തിന്റെ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കൃഷിക്ക് ആവശ്യമായ വെള്ളം കൊടുക്കുവാൻ കഴിയും. ശുദ്ധജലം വിതരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്താൻ കഴിയും. അതുകൊണ്ട് കൃഷിയെ സംബന്ധിച്ചും ശുദ്ധ ജലവിതരണത്തെ സംബന്ധിച്ചുമുള്ള ആശങ്കകൾ ആവശ്യമില്ല. ഉൽക്കണ്ഠയുടെയും ആവശ്യമില്ല. കുറെ ബുദ്ധിമുട്ടുകൾ ഇതിന്റെ ഫലമായി ഉണ്ടായിട്ടുണ്ട് എന്നു മാത്രമെയുള്ളൂ. അതോടൊപ്പംതന്നെ ഈ ബണ്ട് പെർമനന്റായി ഉറപ്പിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സമാന്തരമായി സ്വീകരിക്കുന്നതാണ് എന്ന് സഭയെ അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(12) മൂലമറ്റം കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷന്റെ പരാധീനതകൾ

ശ്രീ. ജോസ് കുറ്റിയാനി: സർ, ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട മൂലമറ്റം കെ. എസ്. ആർ. ടി. സി. സബ് സ്റ്റേഷന്റെ പരാധീനതകളെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഹൈറേഞ്ചു പ്രദേശത്തുള്ള ആളുകളുടെ യാത്രാ സൗകര്യം പ്രധാനമായും നിർവ്വഹിക്കുന്നതിനെ ഉദ്ദേശിച്ചാണ് യശശ്ശരീരനായ കെ. എം. ജോർജ്ജ് ട്രാൻസ്പോർട്ടുവകുപ്പു മന്ത്രിയായിരുന്ന കാലത്ത് 1969-ൽ അതിന്റെ പ്രവർത്തനം ആരംഭിച്ചത്. അവിടെ നിന്നും 13 ഷെഡ്യൂളുകൾ വരെ ഓടിക്കൊണ്ടിരുന്നതാണ്. ശ്രീ. കെ. കെ. ബാലകൃഷ്ണൻ ട്രാൻസ്പോർട്ടു വകുപ്പു മന്ത്രിയായിരുന്ന കാലത്തു ഈ സബ് സ്റ്റേഷൻ സബ് ഡിപ്പോയായി മാറ്റാനുള്ള തീരുമാനം എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽനിന്നും. പോരാതെയുള്ള സ്ഥലം വിട്ടുതരുന്നതിനു തീരുമാനമെടുക്കുകയും ചെയ്തു. അതിനുശേഷം രണ്ടു പുതിയ ഷെഡ്യൂളുകൾ കൂടി ഈ തങ്കമണിയിലേക്കും കമ്പിളിഘട്ടത്തിലേക്കും ആരംഭിച്ചതാണ്. നിർഭാഗ്യവശാൽ സമീപകാലത്തു കെ. എസ്. ആർ. ടി. സി. യിലെ ഉന്നതൻമാരായ ചില ആളുകൾ ആ ബസ് സർവ്വീസുകളുടെ എണ്ണം കുറച്ചു. 8 ഷെഡ്യൂളുകളാക്കിത്തീർത്തു. അതിന്റെ ഫലമായി ആ പ്രദേശത്തുള്ള ആളുകൾക്ക് യാത്രാരംഗത്ത് വളരെയേറെ ക്ലേശങ്ങളും കഷ്ടപ്പാടുകളും സഹിക്കേണ്ടി വന്നു. നമ്മുടെ ബഹുമാന്യനായ പി. കെ. വേലായുധൻ ട്രാൻസ്പോർട്ടു വകുപ്പുമന്ത്രിയായതിനുശേഷം രണ്ടു പുതിയ സർവ്വീസുകൾ കൂടി തങ്കമണിയിലുണ്ടായ ദുഃഖകരമായ സ്ഥിതിവിശേഷം അഭിമുഖീകരിക്കുന്നതിന് സഹായകരമായ രീതിയിൽ സർവ്വീസ് ആരംഭിക്കാൻ ഏർപ്പാടു ചെയ്തു. ആ ബസ് സർവ്വീസിൽ 1,400 രൂപയോളം കളക്ഷൻ ഉയർന്നപ്പോൾ തങ്കമണിയിലെ ഒരു ബസ് സർവ്വീസ് ബന്ധപ്പെട്ട ആളുകൾ പിൻവലിച്ചതായിട്ടാണ് അറിയുന്നത്. ഇപ്പോൾ അതിൽ ഒരു ബസ് ഓടുന്നില്ല. ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടുന്ന നമ്മുടെ കെ.എസ്.ആർ.ടി.സി. യിലെ ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചുകൊണ്ടിരുന്നതാണ് ആ സബ് സ്റ്റേഷൻ. പ്രൈവറ്റു ബസ് ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഉത്തരവാദപ്പെട്ട ആ പ്രദേശത്തു പ്രവർത്തിക്കുന്ന ആളുകളുടെ പ്രവർത്തന ഫലമായി നഷ്ടത്തിൽ ഓടിക്കാനുള്ള സ്ഥിതിവിശേഷമുണ്ടായി. അതിന്റെ ഫലമായിട്ടാണ് ഷെഡ്യൂൾ വെട്ടിക്കുറച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. സർ, ആ പ്രദേശത്ത് ഏറ്റവും ലാഭകരമായി പ്രവർത്തിക്കാവുന്ന ട്രാൻസ്പോർട്ടു ഓപ്പറേറ്റിംഗ് സെന്ററാണത്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly